പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3032 18/06/2019-ൽ മറുപടിക്ക്

## എൽ.പി, യു.പി സ്കൂൾ ടീച്ചർമാരുടെ വിദ്യാഭ്യാസ യോഗ്യത

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ.എൻ.എ ഖാദർ: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എൽ.പി, യു.പി സ്കൂൾ ടീച്ചർമാരുടെ വിദ്യാഭ്യാസ യോഗ്യതകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇത്തരത്തിൽ യോഗ്യത നിർണ്ണയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. കെ.ഇ.ആർ പ്രകാരമുള്ള യോഗ്യത അനുബന്ധമായി ചേർക്കുന്നു. സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും എസ്.സി.ഇ ആർ.റ്റി യും ചേർന്ന് കൂടിയാലോചിച്ചാണ് സാധാരണയായി യോഗ്യത നിശ്ചയിക്കുന്നത്. |
| (ബി) ടി.ടി.സി യോഗ്യതയില്ലാത്ത യു.പി സ്കൂൾ ടീച്ചർമാർ എൽ.പി ക്ലാസുകളിൽ പഠിപ്പിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ;<br><br>(സി) ടി.ടി.സി യോഗ്യതയുള്ള അദ്ധ്യാപകരെ മാത്രം എൽ.പി ക്ലാസുകളിൽ പഠിപ്പിക്കുവാൻ നിയോഗിക്കുന്നതിനു വേണ്ട കർശന നിർദ്ദേശം നൽകാമോ? | (ബി) യും (സി) യും സ.ഉ (പി) നം.188/2000/പൊവിവ തീയതി 08-08-2000 പ്രകാരമാണ് എൽ.പി ടീച്ചർമാർക്ക് റ്റി.റ്റി.സി യോഗ്യത നിർബന്ധമാക്കിയത്. 08-06-2000 നു മുമ്പ് സർവ്വീസിൽ പ്രവേശിച്ച ബി.എഡ് യോഗ്യതയുള്ള എൽ.പി.എസ്.എ മാർ ഇപ്പോഴും തുടർന്നു വരുന്നു. ഏതൊരു പുതിയ ചട്ടവും ആവിഷ്കരിച്ചു നടപ്പിലാക്കുമ്പോൾ നിലവിൽ തുടർന്നു വരുന്ന ജീവനക്കാർക്ക് അതിൽ നിന്നും ഇളവ് അനുവദിക്കുന്ന കീഴ്വഴക്കം ഉൾക്കൊണ്ടുകൊണ്ടാണ് ഇപ്രകാരം നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

**1. എൽ.പി സ്കൂൾ ടീച്ചർ**

കേരള പരീക്ഷ ഭവൻ നടത്തുന്ന എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി നടത്തുന്ന പ്രി-ഡിഗ്രി അല്ലെങ്കിൽ യൂണിവേഴ്സിറ്റി നടത്തുന്ന പ്രി-ഡിഗ്രിക്കു തത്തുല്യമായ പരീക്ഷ അല്ലെങ്കിൽ കേരള ഹയർസെക്കണ്ടറി ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തുന്ന ഹയർസെക്കണ്ടറി പരീക്ഷ അല്ലെങ്കിൽ അതിനു തത്തുല്യമായ പരീക്ഷയും കേരള പരീക്ഷ ഭവൻ നടത്തുന്ന റ്റി.റ്റി.സിയും

അല്ലെങ്കിൽ

കേരള യൂണിവേഴ്സിറ്റി നടത്തുന്ന പെഡഗോഗി ഒരു ഐച്ഛിക വിഷയമായിയെടുത്തുകൊണ്ടുള്ള പ്രി-ഡിഗ്രി

അല്ലെങ്കിൽ

മദ്രാസ് യൂണിവേഴ്സിറ്റി നടത്തുന്ന ബേസിക് റ്റി.റ്റി.സി പരീക്ഷയും (മലയാളം)
കൂടാതെ കെ-ടെറ്റ് പരീക്ഷയും പാസായിരിക്കേണ്ടതാണ്.

**2. യു.പി സ്കൂൾ ടീച്ചർ**

കേരള പരീക്ഷ ഭവൻ നടത്തുന്ന എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി നടത്തുന്ന പ്രി-ഡിഗ്രി അല്ലെങ്കിൽ ആ യൂണിവേഴ്സിറ്റി നടത്തുന്ന പ്രി-ഡിഗ്രിക്കു തത്തുല്യമായ പരീക്ഷ അല്ലെങ്കിൽ കേരള ഹയർസെക്കണ്ടറി ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തുന്ന ഹയർസെക്കണ്ടറി പരീക്ഷ അല്ലെങ്കിൽ അതിനു തത്തുല്യമായ പരീക്ഷയും കേരള പരീക്ഷ ഭവൻ നടത്തുന്ന റ്റി.റ്റി.സിയും

അല്ലെങ്കിൽ

കേരള യൂണിവേഴ്സിറ്റി നടത്തുന്ന ഏതെങ്കിലും ഒരു വിഷയത്തിൽ ബിരുദവും ബി.എഡ്/ബി.റ്റി/എൽ.റ്റിയും

അല്ലെങ്കിൽ

കേരള യൂണിവേഴ്സിറ്റി നടത്തുന്ന പെഡഗോഗി ഒരു ഐച്ഛിക വിഷയമായിയെടുത്തുകൊണ്ടുള്ള പ്രി-ഡിഗ്രി

അല്ലെങ്കിൽ

മദ്രാസ് യൂണിവേഴ്സിറ്റി നടത്തുന്ന ബേസിക് റ്റി.റ്റി.സി പരീക്ഷയും(മലയാളം)

കൂടാതെ, കെ-ടെറ്റ് പരീക്ഷയും പാസായിരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ